മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമം വേജസ് ആക്ററനുസരിച്ച് (എ) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങളിൽ പരവതാനി, കോലരക്ക്, അഭ്രം ഇവകളുടെ നിർമ്മാണം ഒഴിച്ചു ബാക്കി എല്ലാ തൊഴിലുകൾക്കും മിനിമം വേജസ് നിശ്ചയിച്ചിട്ടുണ്ട്. കയ്യുണ്ട വ്യവസായം, കയർവ്യവസായം എന്നിവകളിലും മിനിമംവേജസ് നടപ്പാക്കിയിട്ടുണ്ട്. മിനിമം വേജസ് ഏർപ്പെടുത്താൻവേണ്ടി ഉപ്പളം, ഏലത്തോട്ടം എന്നിവ മിനിമം വേജസ് ആക്ററിന്റെ (എ) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാവികത്തൊഴിലാളികൾക്കും പ്രിൻറിംഗ് പ്രസ്സിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും മിനിമം വേജസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. മിനിമം വേജസ് ആക്ററിൽ (ബി) പട്ടികയിൽ ഉൾപ്പെടുന്ന കർഷകതൊഴിലാളികൾക്കും മിനിമം വേജസ് നിശ്ചയിക്കേണ്ടതായിട്ടുണ്ട്.

(ബി) നിവേദനം കിട്ടിയിട്ടുണ്ട്.

(സി) ഓട്ടുവ്യവസായം സംബന്ധിച്ചു മിനിമം വേജസ് നടപ്പിലാക്കാൻ ഗവണ്മെൻറ് പര്യാലോചിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. കെ. കരുണാകരൻ: ചെത്തു തൊഴിലാളികളുടെ സേവന വ്യവസ്ഥയെപ്പററി അന്വേഷിക്കാൻ ഒരു കമ്മിററിയെ നിയമിച്ചിരുന്നതിൽ അവരുടെ റിപ്പോർട്ട് വന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിപ്പോർട്ട് വന്നിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: ആ റിപ്പോർട്ടനുസരിച്ചു വേതനം കൊടുത്തുവരുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ കൊടുക്കാതിരിക്കുന്നവരുടെ പേരിൽ നടപടി നടത്താൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: അബ്കാരി ലേലസന്ദർഭത്തിൽ ഈ വ്യവസ്ഥകൂടി പരിഗണിക്കണമെന്ന ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലഭിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ പുതിയ വ്യവസ്ഥകൾ അനുസരിച്ചല്ല ലേലം നടത്തിയതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സുവേണം.

വ്യവസായ തൊഴിലാളികളുടെ ബോണസ് മുതലായവ.

* 93. [45] ശ്രീ. പി. ഐ. ചാത്തൻ: †താഴെ കാണുന്ന ചോദ്യത്തിന്മേൽ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ ടെക്സ്ററയിൽ വ്യവസായ തൊഴിലാളികളുടെ ബോണസ്, അലവൻസ്, കൂലി തുടങ്ങിയ വേതനങ്ങളിൽ ഐകരൂപ്യം വരുത്തുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

† As the member was absent the question was put by Shri C. C. Ayyappan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) അയൽ സംസ്ഥാനങ്ങളിൽ ഈ കാര്യത്തിൽ സാരമായ മാറ്റം നമ്മുടേതിൽനിന്നും ഉണ്ട് എന്നത് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ടെക്സ്റ്റൈയിൽ മില്ലുകളിലെ തൊഴിലാളികളുടെ സേവനവ്യവസ്ഥകളെപ്പറ്റി അന്വേഷിക്കുന്നതിനായി ഒരു ത്രികക്ഷി അന്വേഷണക്കമ്മിറ്റിയെ നിയമിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പര്യാലോചനയിലിരിക്കുകയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കമ്മിറ്റി ഒരു സ്റ്റാൻഡർഡൈസേഷൻ കമ്മിറ്റിയാണോ ; കമ്മിറ്റിയുടെ റെഫറൻസ് എന്തെല്ലാമാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു കമ്മിറ്റി വേണമെന്ന നിർദ്ദേശം അനുസരിച്ചു വേണ്ടനടപടികൾ എടുക്കുവാൻ ലേബർ കമ്മീഷണരോട് പറഞ്ഞിരിക്കുകയാണ്.

WRITTEN ANSWER

Pay revision

* 94. [1] SHRI K. C. ABRAHAM : Will the Minister be pleased to state :

(a) Is it a fact that the Secretariat staff are dissatisfied with the present pay revision; and

(b) do the Government contemplate to revise the pay scales of the Secretariat staff?

Chief Minister (SHRI PANAMPILLI GOVINDA MENON) :

(a) A representation has been received from the Secretariat staff requesting revision of grades and certain other changes.

(b) The matter is being examined.

MR. SPEAKER : Order, order. Question time is over. We have been able to finish 45 questions today. [9 A. M.]

ADJOURNMENT MOTION

Re: the situation arising out of the fast of two Union workers of the Malabar Potteries.

MR. SPEAKER : I have received notice of an adjournment motion from Shri K. A. Sivarama Bharathi to discuss a definite matter of urgent public importance, *viz.* "the tense

LIBRARY ARCHIVES Kerala Legislative Assembly